2 1984 ഒക്ടോബർ 10-ാം തീയതിയിലെ ശുദ്ധിപത്രം ജി.ഒ.(പി) നമ്പർ 65/84 ററി.ആർ.ഡി.

3 1984 ഒക്ടോബർ 11-ാം തീയതിയിലെ ജി.ഒ. (പി) നമ്പർ 66/84/ററി. ആർ.ഡി. (എസ്.ആർ.ഒ. നമ്പർ 1197/84)

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

1 പാനൂർ പോലീസ് സ്റേറഷൻ സബ് ഇൻസ്പെക്ടർ ജി. സോമൻ മരണമടഞ്ഞ സാഹചര്യത്തെ സംബന്ധിച്ച അന്വേഷണകമ്മീഷന്റെ റിപ്പോർട്ടും അതിൻമേൽ ഗവൺമെൻറ് കൈക്കൊണ്ട നടപടികളുടെ മെമ്മോറാണ്ടവും, പ്രസ്തുത രേഖകൾ മേശപ്പുറത്തു വയ്ക്കുവാനുണ്ടായ കാലതാമസത്തിനുള്ള കാരണം വിശദീകരിച്ചുകൊണ്ടുള്ള സ്റേറററ്മെൻറ് സഹിതം.

2 വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ളക്കെതിരെയുള്ള ആരോപണങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്താൻ ഗവൺമെൻറ് നിയമിച്ച കമ്മീഷണർ, ജസ്ററിസ് പി. ജാനകി അമ്മ (റിട്ടേർഡ്) യുടെ റിപ്പോർട്ട്.

3 1982 ഡിസംബർ 28, 29 എന്നീ തീയതികളിൽ ആലപ്പുഴയിൽ നടന്ന പോലീസ് വെടിവെപ്പിനെ സംബന്ധിച്ച അന്വേഷണ കമ്മീഷന്റെ റിപ്പോർട്ടും, അതിൻമേൽ ഗവൺമെൻറ് കൈക്കൊണ്ട നടപടികളും മെമ്മോറാണ്ഡവും.

## VII. ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ : ശ്രീ. കെ. രാഘവൻ മാസ്ററർ, ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. എം. വി. രാഘവൻ എന്നീ അംഗങ്ങളെ ഏഴാം കേരള നിയമസഭയുടെ ഏട്ടാം സമ്മേളനത്തിലേയ്ക്കുള്ള ചെയർമാൻമാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്യുന്നു.

## VIII. നോട്ടീസ് നൽകുന്ന ബില്ലുകൾ മലയാളത്തിലായിരിക്കണമെന്നുള്ള ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ്

മി. സ്പീക്കർ : അടുത്ത കാര്യപരിപാടികളിലേക്ക് കടക്കുന്നതിനു മുമ്പ് ഒരു പ്രത്യേക കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു. 1977 നവംബർ ഒന്നാം തീയതി തിരുവനന്തപുരത്തു വച്ചു ചേർന്ന ലോക മലയാള സമ്മേളനത്തിൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ എ. കെ. ആന്റണി അഞ്ചുവർഷംകൊണ്ട് കേരളത്തിന്റെ ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളമാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. 1981-82-ൽ സെക്രട്ടറിയററ് ഉൾപ്പെടെ സംസ്ഥാനത്തുള്ള എല്ലാ ഓഫീസുകളിലും സ്ഥാപനങ്ങളിലും കോടതികളിലും ഔദ്യോഗികഭാഷ മലയാളമാക്കണം എന്നതായിരുന്നു അന്നത്തെ നിശ്ചയം. പക്ഷേ വേണ്ടത്ര പുരോഗതി ഈ രംഗത്ത് കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടില്ലയെന്നാണ് ഈ സഭയുടെ 1982-84-ലെ എസ്ററിമേററ് കമ്മിററി ചെയർമാൻ ആയിരുന്നപ്പോൾ എനിക്ക് കിട്ടിയ വിവരം. ഞാനും എന്നോടൊപ്പം അന്ന് എസ്ററിമേററ്സ് കമ്മിററിയിൽ അംഗങ്ങളായിരുന്ന സർവ്വശ്രീ. പി. എം. അബൂബക്കർ, ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി, ശ്രീ. പി. ഭാസ്കരൻ, ശ്രീ. എം. എം. ഹസ്സൻ, ശ്രീ. കെ. ഇ. ഇസ്മയിൽ ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ, ശ്രീ. എം. വി. രാഘവൻ, ശ്രീ. എൻ. സുന്ദരൻ നാടാർ, ശ്രീ. സി. എഫ്. തോമസ്, ശ്രീ. സി. വാസുദേവമേനോൻ

LIBRARY ARCHIVES Kerala Legislative Assembly

എന്നിവരും ചേർന്ന് ഈ പ്രശ്നം വളരെ വിശദമായി പരിശോധിച്ചു. ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുന്നതിന് വളരെ പണവും സമയവും ചെലവാക്കിയിട്ടും ആശാവഹമായ പുരോഗതി കാണാത്തതിൽ ഖേദം പ്രകടിപ്പിക്കുകയും ഔദ്യോഗികഭാഷ മലയാളമാക്കുന്നതിനുള്ള സത്വര നടപടിക്കായി 32 ശുപാർശകൾ അടങ്ങുന്ന ഒരു റിപ്പോർട്ട് കമ്മിറ്റി സമർപ്പിക്കുകയും ചെയ്തു. അതിൽ ഒരു പ്രധാന ശുപാർശ ഈ സഭയിൽ അവതരിപ്പിക്കുന്ന എല്ലാ ബില്ലുകളും (ഭേദഗതി ബില്ലുകൾ ഒഴികെ) നിർബന്ധമായും മലയാളത്തിൽത്തന്നെ തയ്യാറാക്കണമെന്നുള്ളതായിരുന്നു. 4-8-1983-ൽ ആണ് ഈ റിപ്പോർട്ട് സമർപ്പിച്ചതെങ്കിലും ബില്ലുകൾ ഇംഗ്ലീഷിൽത്തന്നെ തയ്യാറാക്കി അവതരിപ്പിക്കുന്ന രീതിയാണ് ഇപ്പോഴും അനുവർത്തിച്ചുവരുന്നത് എന്ന കാര്യം വളരെ ഖേദകരമാണ്.

മേലിൽ നോട്ടീസ് തരുന്ന ഔദ്യോഗികമോ അനൗദ്യോഗികമോ ആയ എല്ലാ ബില്ലുകളും (ഭേദഗതിബില്ലുകൾ ഒഴികെ) നിർബന്ധമായും മലയാളത്തിൽ തന്നെ ആയിരിക്കണമെന്നും അതിന്റെ ഇംഗ്ലീഷ് പരിഭാഷ മാത്രം ആവശ്യമുള്ളവർക്ക് വിതരണം ചെയ്താൽ മതിയെന്നും ഞാൻ സഭയുടെ അദ്ധ്യക്ഷനെന്ന നിലയിൽ നിർദ്ദേശിക്കുന്നു.

എന്നാൽ ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട അംഗങ്ങൾക്ക് ഈ നിർദ്ദേശം ബാധകമായിരിക്കുന്നതല്ല.

## IX. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. പി. സീതിഹാജി: സർ, 1985 മാർച്ച് 6-ാം തീയതി ബഹു ഗവർണ്ണർ കേരളാ നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ അദ്ദേഹത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. വി. ജോസഫ്: സർ, ഞാൻ അതിനെ പിന്താങ്ങുന്നു.

ശ്രീ. പി. സീതിഹാജി: സർ, ഗവർണ്ണറുടെ പ്രസംഗത്തെപ്പറ്റി ബഹു: പ്രതിപക്ഷനേതാക്കൻമാർ ഇതിൽ ഒന്നും ഇല്ലെന്നും സംസ്ഥാനത്തിന്റെ പ്രശ്നത്തെപ്പറ്റി ഒന്നുംതന്നെ പരാമർശിച്ചിട്ടില്ലെന്നുമുള്ള അഭിപ്രായപ്രകടനങ്ങൾ നടത്തിയതായി പത്രങ്ങളിൽ വായിക്കുവാനിടയായി; അത് ശരിയാണോ? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാക്കൻമാർക്ക് പ്രസംഗം മുഴുവൻ വായിക്കുവാൻ സമയം കിട്ടുന്നതിനുമുമ്പ് പറഞ്ഞതുകൊണ്ട് ഞാൻ അവരെ അത്ര വിമർശിക്കാൻ ഉദ്ദേശിക്കുന്നില്ല. ഈ മുന്നണി, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉണ്ടായ പ്രയാസങ്ങളിലേക്ക് ഒന്നു കടക്കണമെന്നാണ് എനിക്ക് വിനീതമായി അഭിപ്രായപ്പെടാനുള്ളത്. കേരളം ഇതുവരെ കണ്ടിട്ടില്ലാത്ത ഒരു വരൾച്ച ഉണ്ടായി. കുടിവെള്ളത്തിനുപോലും ജനങ്ങൾ ദാഹിച്ച ഒരു ഘട്ടം വന്നു. അതിനെയെല്ലാം ഒരു യുദ്ധകാലാടിസ്ഥാനത്തിൽ തരണം ചെയ്ത് ഗവൺമെന്റ് മുന്നോട്ടുപോയി. അതിൽ നിന്നും മോചനം നേടിയപ്പോൾ തുടർന്ന് വെള്ളപ്പൊക്കം, കടലാക്രമണം, ഉരുൾ പൊട്ടൽ തുടങ്ങിയ വലിയ ആപൽക്കരമായ സംഭവങ്ങൾ ഉണ്ടായി. അതിന്റെ പേരിൽ നമ്മുടെ സമ്പദ്ഘടനയ്ക്കുതന്നെ വലിയ തകരാറ് സംഭവിച്ചു. എന്നിട്ടും അതിനെയെല്ലാം അതിജീവിച്ച് ഈ ഗവൺമെന്റ് ആറം



LIBRARY ARCHIVES Kerala Legislative Assembly